ഈ രീതിയിലുള്ള അപകടം ഉണ്ടാകാതിരിക്കണമെങ്കിൽ ഒരന്വേഷണം ഇവിടെത്തന്നെ നടത്താനുള്ള ഏർപ്പാട് ചെയ്യണം. നാല് ഉദ്യോഗസ്ഥൻമാരെ നിയമിച്ചതുകൊണ്ടുമാത്രം കാര്യമായില്ല. നിരുത്തരവാദത്തിന്റെ മുഖ്യ സാക്ഷിയെന്നുള്ള രൂപത്തിലാണ് ഇത് വന്നിട്ടുള്ളത്. അതുകൊണ്ട് ഇതേപ്പറ്റി സമഗ്രമായ ഒരന്വേഷണം നടത്തണം. മരിച്ചവരുടെ കുടുംബങ്ങൾക്ക് ന്യായമായ നഷ്ടപരിഹാരം കൊടുക്കണം. മേലിൽ ഇത്തരം കുഴപ്പങ്ങൾ ഉണ്ടാവുകയില്ലെന്നു തദ്ദേശവാസികൾക്കും* അവിടത്തെ ജീവനക്കാർക്കും ഉറപ്പ് നൽകത്തക്കനിലയിൽ വേണ്ട നടപ്പടി ഗവൺമെന്റ് ഭാഗത്തുനിന്നും ഉണ്ടാകണം. അതുകൊണ്ടാണ് ഇതിനെക്കുറിച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെടുന്നത്.

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): ബഹുമാനപ്പെട്ട മെമ്പർ പ്രകടിപ്പിച്ച വികാരങ്ങളോട് യോജിക്കുകയാണ്. അതിനാവശ്യമായ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ: ഈ ദാരുണമായ സംഭവത്തെക്കുറിച്ച് ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുകയാണ്.

III ശ്രദ്ധ ക്ഷണിക്കൽ

നെൽകൃഷിക്കാർ അനുഭവിച്ചുവരുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കെ. ജെ. ചാക്കോ: സർ, 1974-ൽ ആരംഭിച്ച കേരളാ ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം ആദ്യമായി ആരംഭിച്ചത് കോട്ടയം, ആലപ്പുഴ ജില്ലകളിലാണ്. ഈ ജില്ലകളിലെ പുഞ്ചവയലുകളിൽ പുറംബണ്ടുകൾ കരിങ്കൽകെട്ടി ഉറപ്പിക്കുകയെന്നുള്ള പദ്ധതി ആണ് ആദ്യം കെ. എൽ. ഡി. സി. എറെടുത്തത്. ഇപ്രകാരം പുറംബണ്ടുകൾ ഉറപ്പിച്ചുകഴിഞ്ഞാൽ ഒരുപ്പുനിലങ്ങൾ ഇരുപ്പുനിലങ്ങളായി മാറുമെന്നും അങ്ങനെ ഉണ്ടാകുന്ന ബണ്ടിൽ തെങ്ങുവച്ച് കൂടുതൽ ആദായം ഉണ്ടാക്കാമെന്നും മറ്റുമായിരുന്നു അവരുടെ പ്രചരണം. ആ പ്രചരണത്തിൽ കുടുങ്ങിയ കർഷകർ ആ പരിപാടിയിൽ സർവ്വാത്മനാ സഹകരിക്കുകയും ഇത്തരം ബണ്ടുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അനുഭവം നിരാശാജനകമാണ്. ചെറിയ വെള്ളപ്പൊക്കമുണ്ടായാൽ, അല്ലെങ്കിൽ ഒരു വലിയ മഴ പെയ്താൽ ആദ്യമായി മട വീഴുന്നത് ഈ ബണ്ട് കെട്ടിയ പുഞ്ചപ്പാടങ്ങളിലാണ്. കോൺട്രാക്ടർമാർ അമിത ലാഭമെടുത്തതിന്റെ പരിണതഫലം അനുഭവിക്കുന്നത് അവിടുത്തെ കർഷകരാണ്. ബണ്ടെല്ലാം ഇന്നു താറുമാറായി കിടക്കുകയാണ്. ഉത്പാദനച്ചെലവിന്റെ കൂടുതൽമൂലവും ഉൽപ്പന്നങ്ങളുടെ അമിതമായ വിലയിടിവുമൂലവും മറ്റു പല കാര്യങ്ങളാലും സൊസൈറ്റികളിൽനിന്നും മറ്റു സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പപോലും അടയ്ക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ട് കൃഷിക്കാർ ജപ്തി നടപടികൾക്കു വിധേയമായിക്കൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ കെ. എൽ. ഡി. സി. അമിതമായ പലിശയ്ക്കു കൊടുത്ത വായ്പയ്ക്കു ജപ്തിനടപടികളും ഡിമാന്റ് നോട്ടീസുകളും അയച്ചുകൊണ്ടിരിക്കുകയാണ് തൻമൂലം ഒരിത്തിരി

LIBRARY ARCHIVES Kerala Legislative Assembly

നിവൃത്തിയുമില്ലാതെ കർഷകർ ഇന്നു വളരെയധികം വിഷമിച്ചു നട്ടം തിരിയുകയാണ്. അവർക്കു ആശ്വാസം നൽകുവാനുള്ള ധാർമ്മികമായ കടമ കർഷകനേതാവ് എന്നു പറയുന്ന ഈ ഗവൺമെൻറിനുണ്ടെന്നു പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. നാണ്യവിള ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനത്തെ ചില സ്ഥലങ്ങളിൽ മണ്ണാലപ്പ് പദ്ധതിക്ക് 30 ശതമാനംവരെ സബ്സിഡി നൽകുമ്പോഴും നെല്ലുൽപ്പാദിപ്പിക്കുന്ന കർഷകർക്ക് യാതൊരുവിധ സഹായവും കെ. എൽ. ഡി. സി. നൽകുന്നില്ല. പത്തരശതമാനം പലിശയ്ക്കു സംഖ്യ ഈ അന്തരാളഘട്ടത്തിൽ വായ്പ തിരിച്ചടയ്ക്കണമെന്നു പറഞ്ഞാൽ വളരെയേറെ ഭാരമുള്ള ജോലിയാണ്. അതുകൊണ്ട് ഇവരുടെ കാര്യത്തിൽ ഗവൺമെൻറ് വളരെയേറെ സഹാനുഭൂതി കാണിക്കണം. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ അവിടെയുള്ള കൃഷിക്കാരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനുവേണ്ടി ഒരുന്നതാധികാര കമ്മീഷനെ ഗവൺമെൻറ് നിശ്ചയിച്ചിട്ടുണ്ട്. ആ ഉന്നതാധികാരകമ്മീഷൻ തെളിവെടുത്തതിനു ശേഷം സമർപ്പിക്കുന്ന റിപ്പോർട്ട് ലഭിക്കുന്നതുവരെ ഇന്നു ജപ്തി നടപടികളും ഡിമാൻറ് നോട്ടീസും നിറുത്തൽ ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. അവർക്കു വേണ്ട ആശ്വാസം നൽകണം. ഈ കാര്യത്തെക്കുറിച്ച് ഗവൺമെൻറ് ദയാപൂർവ്വം ചിന്തിക്കണമെന്നഭ്യർത്ഥിക്കുകയാണ്.

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ ഗവൺമെൻറ് അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്. കുട്ടനാട് പ്രദേശത്തെ സ്ഥിതിയെപ്പറ്റി പഠിക്കാനായിട്ട് ഒരു കമ്മിറ്റിയെ ഗവൺമെൻറ് നിയമിച്ചിട്ടുണ്ട്. അതിന് ഉടൻതന്നെ പരിഹാരം കിട്ടും. ഈ വർഷത്തെ ബഡ്ജറ്റിൽത്തന്നെ കർഷകർ വിചാരിക്കുന്നതിനെക്കാൾ കൂടുതൽ കാര്യങ്ങൾ ഗവൺമെൻറ് ചെയ്യാനുദ്ദേശിക്കുന്നതായി പറഞ്ഞിട്ടുണ്ട്. ആ കാര്യത്തിൽ ഫാക്കോ വിഷമിക്കേണ്ടതായി ഒരു കാര്യവുമില്ല. റിപ്പോർട്ട് കിട്ടുന്നതുവരെ സാവകാശംകൊടുക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുന്നതാണ്. ഇതിൽ കൂടുതലായി ഒന്നും പറയാനില്ല. ഈ കാര്യത്തിൽ ഗവൺമെൻറ് വേണ്ടതു ചെയ്യുമെന്നു ഞാൻ ഉറപ്പു നൽകുന്നു.

IV. റിപ്പോർട്ട് സമർപ്പണം

1. പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റിയുടെ 15-ാമതു റിപ്പോർട്ട്

Shri O. Lukose: Sir, I present the Fifteenth Report of the Committee on Public Undertakings.

2. അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 17-ാമതു റിപ്പോർട്ട്

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly